**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5480** **13-08-2021 - ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ? | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ഒന്നും ശോചനീയാവസ്ഥയിലുള്ളതല്ല. ഹോസ്റ്റലുകളുടെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമായി അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടപ്പിലാക്കുന്നുണ്ട്. ഹോസ്റ്റലും, ഹോസ്റ്റൽ പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് എല്ലാ ഹോസ്റ്റലുകളിലും പാർട്ട് ടൈം സ്വീപ്പർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ, വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽ കിണർ, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൊതുകുവല, ബെഡ്, ബെഡ്കവർ, ബെഡ് ഷീറ്റ് എന്നിവ ആവശ്യാനുസരണം അനുവദിച്ച് നൽകുന്നുണ്ട്. സോളാർ പാനൽ, ഹോസ്റ്റലുകളിൽ പെൺകുട്ടികൾക്കാവശ്യമായ മറ്റ് സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവ ഹോസ്റ്റലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ